[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് എം. എൽ. എ. മാരുടെ ഉപദേശവും നിർദ്ദേശങ്ങളും ഈ സ്വയംഭരണ സ്ഥാപനങ്ങൾക്കു സഹായകമാവുക എന്നതുമാത്രം മതിയാവുമെന്നു തോന്നുന്നു.

Mr. Speaker: Mr. Srinivasan, You can continue tomorrow.

PRIVATE MEMBERS' BUSINESS

Adoption of Report

10 a. M.

Mr. Speaker: I call upon Shri K. V. Narayanan Chairman of the Committee on Private Members' Bills and Resolutions in 1964, to move for the adoption of the Third Report.

Shri K. V. Narayanan: Sir, I move that the Third Report of the Committee on Private Members' Bills and Resolutions in 1964, be adopted.

Shri M. Krishnan: I second it.

The motion was put and carried.

RESOLUTION I

Establishment of Crmeatoriums, burial grounds etc.- Revision and issue of suitable rules.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു. ''സെമിത്തേരികൾ, ശ്മശാനങ്ങൾ, കബറടക്ക സ്ഥലങ്ങൾ ഇവകൾ പുതുതായി ആരംഭിക്കുന്നതിനെ സംബന്ധിച്ചു് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഇന്നു നിലവിലുള്ള നിയന്ത്രണങ്ങൾ മാറ്റംചെയ്തു് കൂടുതൽ സൗകര്യപ്രദമായ രൂപകം നിർമ്മിച്ചു് കേരള വ്യാപകമായി ഒരു ഏകീകരണം വരുത്തുവാൻ ഈ സഭ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു.

ഈ പ്രമേയം അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് മുമ്പുതന്നെ ഉണ്ടായിരുന്ന ശ്മശാനങ്ങളും കബറടക്ക സ്ഥലങ്ങളും ഇന്നു് തുടർന്നുപയോഗിക്കാൻ സാധിക്കാതെവരുന്ന സ്ഥിതിയും, പുതുതായി ഇവ നിർമ്മിക്കുന്ന കാര്യത്തിൽ വിവിധ വിഷമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവവുമാണു്. മരിച്ചുകഴിഞ്ഞാൽ ശവം ചുട്ടുകരിക്കുന്ന സമുദായങ്ങളും കഴിച്ചുമൂടുന്ന സമുദായങ്ങളും നമ്മുടെ നാട്ടിലുണ്ടു്. ഹിന്ദു സമുദായത്തിൽപ്പെട്ട ഒരു വിഭാഗം ശവം ചുട്ടുകരിക്കലിൽ വിശ്വസിക്കുമ്പോൾ, മറെറാരു വിഭാഗം ശവം കഴിച്ചു മൂടുന്നതിൽ വിശ്വസിക്കുന്നുണ്ടു്. ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ജൂതർ, എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ ശവം കഴിച്ചുമൂടണമെന്നുള്ളതിൽ നിർബന്ധമായും വിശ്വസിക്കുന്നു. മുനിസിപ്പാലിറ്റികൾ, കാർപ്പറേഷൻ എന്നിവയിൽപ്പെടുന്ന പട്ടണ പ്രദേശങ്ങളിൽ ഈ ആവശ്യത്തിനു് വിവിധ സമുദായങ്ങൾ ലൈസൻസു് എടുത്തു് സ്ഥലം നീക്കിവച്ചു് കാര്യങ്ങൾ നടത്തിവരികയാണു്. ചുടുകാടിനും ലൈസൻസു് ആവശ്യമാണു്. മുസ്ലീങ്ങളെ സംബന്ധിച്ചാണെങ്കിൽ, പള്ളിയോടു ചേർന്ന സ്ഥലങ്ങളിലാണു് ഗ്രാമ പ്രദേശങ്ങളിൽ ശവം മറവു ചെയ്യുന്നതു്. ക്രിസ്ത്യാനികളും ജൂതരും ഈ സംമ്പ്രദായംതന്നെയാണു് തുടർന്നു വരുന്നതു്. മറെറ സമുദായങ്ങൾ അവരുടെ സ്വന്ത പാർപ്പിട സ്ഥലത്തുതന്നെ ചുട്ടുകരിക്കുകയോ കഴിച്ചുമൂടുകയോ ചെയ്യുന്നുണ്ടു്. വളരെ പൂവ്വീകമായി പള്ളിയോടു തൊട്ടുള്ള സ്ഥലങ്ങൾ ഉപയോഗിച്ചു വരുന്നതു് ഇന്നത്തെ നിലയിൽ പോരാതെ വരുമ്പോൾ, പുതിയ സ്ഥലത്തിനു് പ്രത്യേകമായി ലൈസൻസു് എടുക്കണമെന്നു് ഇന്നു വ്യവസ്ഥയുണ്ടു്. ജനസംഖ്യ വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ സ്ഥലം ശവം മറവു ചെയ്യുന്നതിനു് ആവശ്യമായി വന്നിരിക്കുകയാണു്. അടുത്ത കാലത്തുണ്ടായ എല്ലാ കബറടക്ക സ്ഥലങ്ങൾക്കും ലൈസൻസു് എടുക്കണമെന്നുള്ള നിബന്ധന നടപ്പിൽ വരുകയും പഞ്ചായത്തുകളും അതതു കരവാഹികൾക്കു് ലൈസൻസു് എടുക്കണമെന്നു് നോട്ടീസു് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം വളരെയധികം വിഷമങ്ങളും ഉണ്ടായിട്ടുണ്ടു്. ഈ കാര്യത്തിൽ മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം 200 അടിക്കുള്ളിൽ താമസ സ്ഥലങ്ങളോ വെള്ളം കെട്ടിക്കുന്ന കിണറുകളോ ഉണ്ടായിരിക്കാൻ പാടില്ലെന്നാണു് ഇന്നത്തെ വ്യവസ്ഥ. പുതിയ ലൈസൻസു് കിട്ടണമെങ്കിൽ അങ്ങനെയൊരു സർട്ടിഫിക്കറ്റു് ആരോഗ്യവകുപ്പിൽനിന്നും ലഭിക്കണം. ഈ നിയമസഭയിൽത്തന്നെ വളരെ അധികം ചോദ്യോത്തരങ്ങൾക്കു് ഇടയാക്കിയ ഒന്നാണു് തൈക്കൽ പ്രശ്നം. ഇത്തരം വൈഷമ്യങ്ങളിൽനിന്നും ഉടലെടുത്തതാണു് അതെന്നു നമുക്കറിയാം. ഇത്തരം പ്രശ്നങ്ങൾ ഇന്നും പല സ്ഥലങ്ങളിലും തീരാതെ കിടപ്പുണ്ടു്. എന്റെ സ്ഥലത്തുതന്നെ ഇതുപോലെ ഒരു പ്രശ്നം തീരാതെ കിടപ്പുണ്ടു്. അവിടെ പുരാതനമായി ഉണ്ടായിരുന്ന ഒരു കബറടക്ക സ്ഥലത്തിനു അടുത്തു ഒരു ഹിന്ദു സ്നേഹിതൻ വന്നു സ്ഥലം വാങ്ങിക്കുകയും നേരത്തെ അവിടെ ഒരു കിണർ നിലവിലിരിക്കെ കബറടക്ക സ്ഥലത്തിനു നൂറു വാര അകത്തായി ഒരു കിണർ കുഴിക്കുകയും, അതു് വെള്ളം കുടിക്കാനുള്ള കിണറാണെന്നും അതുകൊണ്ടു് അവിടെ കബറടക്കം ചെയ്യാൻ പാടില്ലെന്നു് ആവലാതിപ്പെടുകയും ചെയ്തതിന്റെ ഫലമായി ആ സ്ഥലം കബറടക്കത്തിനു് ഉപയോഗിക്കാൻ നിവർത്തിയില്ലാത്ത ഘട്ടത്തിൽ എത്തിയിരിക്കുന്നു. എന്റെ സ്നേഹിതൻ കെ. ജി. കരുണാകരമേനോൻ അവർകൾക്കുതന്നെ ഇത്തരത്തിലുള്ള കാര്യമറിയാം. പൊന്നാനി മുതലായ സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പല പല കേസുകളും ഉണ്ടായിട്ടുണ്ടു്. അദ്ദേഹം ഇക്കാര്യത്തിൽ മാനുഷികമായ സമീപനം ഉണ്ടാക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന ഒരാളാണു്. തൈക്കൽ സംഭവം ഞാൻ ആവർത്തിച്ചു പറയുന്നില്ല. ഇത്തരം വിഷമങ്ങൾ തരണം ചെയ്യാൻ വേണ്ടിയാണു് ഞാൻ ഈ പ്രശ്നം ഇവിടെ ഉന്നയിക്കുന്നതു്. മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യ വകുപ്പിന്റെ നിബന്ധന അനുസരിച്ചു് 250 അടിക്കുള്ളിൽ പാർപ്പിട സ്ഥലമോ വെള്ളം കുടിക്കാനുള്ള കിണറോ ഇല്ലാതെയിരിക്കണമെന്ന വ്യവസ്ഥയുള്ളപ്പോൾ തിരു-കൊച്ചി വിഭാഗത്തു് അതു് 150 അടിയാണെന്നാണു് എന്റെ അറിവു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതു ശരിയല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: തൈക്കൽ കേസിനെ സംബന്ധിച്ചിടത്തോളം ആരോഗ്യ വകുപ്പു നൽകിയിട്ടുള്ള സ്റ്റേറ്റുമെന്റിൽത്തന്നെ 50 വാരയുള്ളിൽ അല്ലെങ്കിൽ തടയേണ്ട ആവശ്യമില്ലെന്നു പറഞ്ഞിട്ടുള്ളതായിട്ടറിയാൻ കഴിഞ്ഞു. പത്രത്തിൽ വന്ന വിവരമാണു്. ഇനി അതു തെറ്റാണോ എന്നു് എനിക്കു നിശ്ചയമില്ല. എന്നാൽ നേരത്തെ ശ്മശാനങ്ങളും കബറടക്ക സ്ഥലങ്ങളുമായി ഉപയോഗിച്ചു വന്നതിന്റെ അടുത്തു് ഏതു സമുദായത്തിൽപെട്ട ആളായാലും ശരി, പുതുതായി വന്നു താമസിച്ചശേഷം അവിടെ കബറടക്കം ചെയ്യാൻ പാടില്ലെന്നു പരാതി അയച്ചാൽ, അതിൽ കുറച്ചു് മാനുഷികമായ സമീപനം എടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. നമ്മുടെ നാട്ടിലെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വിഷമമുള്ള ഒരു പ്രശ്നമാണിതു്. അവർക്കു് പൊതുവായി ശവം അടക്കം ചെയ്യുവാനുള്ള സ്ഥലങ്ങളുടെ അടുത്തു് മറ്റുള്ളവർ പ്രവേശിച്ചു് അതു പാടില്ലെന്നു പറഞ്ഞു് വിഷമമുണ്ടാക്കിയിട്ടുണ്ടു്. അങ്ങനെ എല്ലാ സമുദായങ്ങളേയും പൊതുവിൽ ബാധിക്കുന്ന ഒരു പ്രശ്നമാണെന്നു കാണാം. ഈ പ്രശ്നം നാം എങ്ങിനെ കൈകാര്യം ചെയ്യണമെന്നാണു് ചിന്തിക്കേണ്ടതു്. ഇന്നു് ജനസംഖ്യ വർദ്ധിച്ചു വരികയാണു്. ജനസംഖ്യ ഉണ്ടാകുന്നതോടൊപ്പംതന്നെ മരിച്ചു കഴിഞ്ഞാൽ കുഴിച്ചുമൂടുന്ന സമ്പ്രദായത്തിൽ വിശ്വസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വളരെ അധികം വിഷമമുണ്ടാക്കുന്ന ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണു് ഇതും. അതുകൊണ്ടു് കേരള വ്യാപകമായി ഈ വ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ഉണ്ടാക്കുന്നതിനും, അതിൽ ഇപ്പോഴത്തെക്കാൾ കുറെക്കൂടി അധികം വരുത്തുന്നതിനും, ഉള്ള മാറ്റങ്ങളെപ്പറ്റി ആലോചിക്കേണ്ടതു് വളരെ അത്യാവശ്യമായിരിക്കുകയാണു്. പുതുതായി ശ്മശാനങ്ങൾ ഉണ്ടാക്കുമ്പോൾ അതിനപ്പുറവും മതിൽക്കെട്ടു് ഉയർത്തിക്കെട്ടണമെന്നുള്ള നിബന്ധന ഇന്നുനിലവിലുണ്ടു്. അതു കുറെക്കൂടി കർശനമാക്കി ഈ ആവശ്യത്തിനുള്ള സ്ഥലങ്ങൾ അനുവദിച്ചുകൊടുക്കാനുള്ള പരിതസ്ഥിതി ഉണ്ടാക്കണമെന്നാണു് എനിക്കു് ഈ അവസരത്തിൽ അപേക്ഷിക്കാനുള്ളതു്.

സർ, മദ്രാസു് സംസ്ഥാനത്തെ പല സ്ഥലങ്ങളും എനിക്കു കാണാൻ ഇടവന്നിട്ടുണ്ടു്. കോയമ്പത്തൂർ, മധുര മുതലായ ജന സാന്ദ്രതയുള്ള പട്ടണങ്ങളിൽ തന്നെ കബറടക്കം ചെയ്യുന്ന സ്ഥലത്തിനുതൊട്ടു് കച്ചവട പീടികകളും ജന വാസവും ഉണ്ടു്. അങ്ങനെയുള്ള വലിയ പട്ടണങ്ങളിൽ കൂടി ഈ പ്രശ്നം ഒരു അയവോടുകൂടി കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്തു്, വിവിധ മതസ്ഥർ വിവിധ സമ്പ്രദായത്തിൽ ജീവിച്ചുവരുന്ന ഇവിടെ എങ്ങിനെ ഈ പ്രശ്നം സുകര്യമായി കൈകാര്യം ചെയ്യാൻ കഴിയുമെന്നു് പരിശോധിക്കേണ്ടതാണു്. അതിനു ഈ നിയമ സഭയിലെ എല്ലാഭാഗത്തുമുള്ള സ്നേഹിതന്മാരും അനുകൂലിക്കുമെന്നു വിശ്വസിച്ചുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഒരു നല്ല സമീപനം സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടും ഞാൻ സഭയുടെ അംഗീകാരത്തിനായി എന്റെ പ്രമേയം സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ഗോപാലൻ: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്. മനുഷ്യന്റെ മരണശേഷമുള്ള ഒരു കാര്യത്തിനുവേണ്ടിയാണു് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഈ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ സാമൂഹ്യമായി ഇന്നുള്ള നിയമങ്ങൾ കണക്കിലെടുക്കണം. അതോടൊപ്പം ഓരോ വിഭാഗങ്ങളുടേയും സെന്റിമെന്റലായ കാര്യങ്ങളും കണക്കിലെടുക്കണം. ഈ വസ്തുതകളെ മുൻനിറുത്തിയാണു് ഈ പ്രമേയത്തിന്റെ സാദ്ധ്യത അല്ലെങ്കിൽ ആവശ്യകതയെപ്പറ്റി കൂടുതൽ ഊന്നിപറയുന്നതു്. ജനസാന്ദ്രത കുറഞ്ഞിരുന്ന കുറെ കൊല്ലങ്ങൾക്കു മുൻപു് ഈ പ്രശ്നം ഇത്രത്തോളം ഗൗരവതരമായി വന്നിട്ടുണ്ടോ എന്നു ആലോചിക്കേണ്ടതുണ്ടു്. വന്നിട്ടില്ലെന്നുള്ളതാണു വാസ്തവം. എന്തു പ്രശ്നവും അതിനു പ്രതിബന്ധങ്ങൾ ഉണ്ടാകുമ്പോഴാണു് കൂടുതൽ ഗുരുതരമായിത്തീരുന്നതു്. സ്വാഭാവികമായി നമ്മുടെ സ്റ്റേറ്റിൽ ജനസാന്ദ്രത കൂടുതലാണു്. ആളുകൾ ഓരോ സ്ഥലത്തും പുതുതായി കുടിപാർപ്പും മറ്റും തുടങ്ങിയതോടുകൂടി ഓരോ പ്രദേശത്തും ശ്മശാനം ഒരു പൊതുപ്രശ്നമായി തീർന്നിരിക്കുകയാണു്. ഈ ശ്മശാന പ്രശ്നം ഏതെങ്കിലും ഒരു സമുദായത്തിന്റെ പരിധിയിൽ നിൽക്കുകയില്ല. എല്ലാ സമുദായങ്ങൾക്കും ശ്മശാനം വേണം. ഇതിനു് ഇന്നു വ്യവസ്ഥയില്ല. ഞാൻ പൊതുശ്മശാനങ്ങളുടെ പ്രശ്നം പറയാം. പൊതു ശ്മശാനം ഇല്ലാത്തതിന്റെ ഫലമായി തളിപ്പറമ്പിൽ ഈയിടെ ശവം മൂന്നു ദിവസം ആശുപത്രിയിൽ പോസ്റ്റുമാർട്ടം ചെയ്തിട്ടു വയ്ക്കേണ്ടിവന്നു എന്ന കാര്യം പ്രത്യേകം സ്മരണീയമാണു്.

ശ്രീ. എം. പി. ശോവിന്ദൻനായർ: അതു് നിയമമില്ലാത്തതുകൊണ്ടല്ല. പഞ്ചായത്തു് സെമിത്തേരിക്കുള്ള സ്ഥലം എടുത്തു സംരക്ഷിക്കാത്തതുകൊണ്ടാണു്. അങ്ങനെ വന്നതെന്നറിയാമോ?

ശ്രീ. പി. ഗോപാലൻ: പഞ്ചായത്തു് അതുത്തിക്കുള്ളിൽ നിയമപ്രകാരം മനുഷ്യന്റെ പരമപ്രധാനമായ ആവശ്യം നിവ്വഹിക്കുന്നതിനു് ഓരോ പഞ്ചായത്തിലും നിർബ്ബന്ധമായിട്ടു് ഒരു പൊതു ശ്മശാനം ഉണ്ടായിരിക്കണം. അങ്ങനെയുണ്ടായിരുന്നാൽ ഹിന്ദുവായാലും, മുസ്ലീമായാലും, ഹരിജനമായാലും അവിടെ ശവം അടക്കണമെന്നു ആഗ്രഹമുള്ളവർക്കു് സുകര്യം ലഭിക്കും. ചില സ്ഥലത്തു് ശ്മശാനം ഇല്ലാത്തതുകൊണ്ടു് ശവം എങ്ങോട്ടു് കൊണ്ടുപോകുമെന്നുള്ള പ്രശ്നംതന്നെ ഉണ്ടു്. എന്റെ നിയോജകമണ്ഡലത്തിൽ പഴയങ്ങാടിയിൽ ഓരോ ജാതിക്കാർക്കും ശ്മശാനം ഉണ്ടു്. എന്നാൽ പുതുതായി കൊച്ചിഭാഗത്തു

LIBRARY ARCHIVES Kerala Legislative Assembly

നിന്നു് അവിടെ കുടിയേറിപാർത്തിട്ടുള്ള വാല സമുദായത്തിനു് ശ്മശാനം ഇല്ല. ഒരു പൊതു ശ്മശാനം ഇല്ലാത്തതുകൊണ്ടു് അവരിൽ ഒരാളിന്റെ ശവം കല്ലുകെട്ടി കടലിൽ താഴ്ത്തേണ്ടിവന്ന ദയനീയമായ സ്ഥിതിയുണ്ടായി. ഈ സ്ഥിതിക്കു് പരിഹാരം കാണണം. ജാതി തിരിച്ചുള്ള ശ്മശാന പ്രശ്നം എടുക്കുന്നതിനു മുൻപു് പൊതു ശ്മശാനം ഉണ്ടാക്കണം. പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനം ഉണ്ടായിരിക്കണം. അക്കാര്യം ഈ നിയമനിർമ്മാണം ഉണ്ടാക്കുമ്പോഴാ ആദ്യമായി പരിഗണിക്കേണ്ടതാണു്.

മറ്റൊരു കാര്യം, ഈ പള്ളികളേയും മറ്റു സമുദായങ്ങൾക്കു് അനുബന്ധമായിട്ടുള്ള പ്രത്യേക ശ്മശാനങ്ങളേയും സംബന്ധിച്ചുള്ള കാര്യങ്ങളും കണക്കിലെടുക്കുമ്പോൾ ആരോഗ്യപരമായ കാര്യങ്ങളും എല്ലാം കണക്കിലെടുക്കേണ്ട താവശ്യമാണു്. ഇന്നു കേരളത്തിൽ അതിലേയ്ക്കു് ആവശ്യമായ ഒരു പൊതു നിയമമില്ലെങ്കിൽ ഒരു പൊതുനിയമം ഉണ്ടാക്കേണ്ടതു വളരെ ആവശ്യമാണു്. ആ നിയമം എല്ലാവരും അറിഞ്ഞിരിക്കണം. അങ്ങനെ ഒരു വ്യവസ്ഥ ഇല്ലാത്തതിന്റെ ഫലമായി ഇന്നു ഈ കാര്യങ്ങളും എല്ലാവർക്കും ശരിക്കു് അറിയാൻ പാടില്ലാത്തതുകൊണ്ടു് സമുദായങ്ങളും തമ്മിൽ കലഹങ്ങളും മറ്റു അസ്വസ്ഥതകളും ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ആക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ ഈ ശവം മറവുചെയ്യുന്നകാര്യത്തിൽ നമുക്കു് ഒരു യോജിച്ചനിലപാടിൽ എത്തേണ്ടതു് ഈ രാജ്യത്തു സാമുദായിക സൗഹാർദ്ദം നിലനിൽക്കേണ്ടതിന്റെ ആവശ്യം വിലയിരുത്തിക്കൊണ്ടു് ആവശ്യമാണെന്നു ഞാൻ പറയുന്നു.

മറ്റൊരു കാര്യം, ഈ ശവം മണ്ണിൽ കുഴിച്ചിടുന്ന സമ്പ്രദായം തന്നെ പഴയ കാലത്തുണ്ടായിരുന്നതാണു്. അന്നു ജനങ്ങൾക്കു പാർക്കാനും മറ്റുമായി വളരെ ഭൂമിയുണ്ടായിരുന്നു. അന്നു ഭൂമിയുടെ കാര്യം ഒരു പ്രശ്നമല്ല. ശവം എവിടെ വേണമെങ്കിലും മറവുചെയ്യാമായിരുന്നു. എന്നാൽ ഇപ്പോൾ ജനസാന്ദ്രത വർദ്ധിച്ചപ്പോൾ അതിനുള്ള സൗകര്യം ഇല്ലാതായിത്തീർന്നിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഗംഗാനദിയുടെ സമീപം താമസിക്കുന്നവരുടെ ശവം ഗംഗാനദിയിൽ മുക്കുകയാണു്. അതുപോലെ ബഹു: മെമ്പർ പറഞ്ഞു കടലിലും ആളുകൾ ശവം മുക്കുന്നുണ്ടെന്നു്. ചിലർ തങ്ങളുടെ ശവശരീരങ്ങൾ കഴുകനെക്കൊണ്ടു തീറ്റിക്കുന്നതു മോക്ഷമാണെന്നു കരുതുന്നുണ്ടു് എന്നുള്ളതും അറിയാമോ?

ശ്രീ. പി. ഗോപാലൻ: അങ്ങനെ ഗംഗാനദിയിൽ മുക്കുകയാണെങ്കിൽ മോക്ഷം ലഭിക്കുമെന്നു കരുതുന്നവരുണ്ടു്. കഴുകനും കാക്കയും തിന്നാൽ മോക്ഷം കിട്ടുമെന്നു വിശ്വസിക്കുന്നവരുമുണ്ടു്. അതേസമയം ശവം കാക്കയോ കഴുകനോ കൊത്തിത്തിന്നുന്നതു കണ്ടുകൊണ്ടിരിക്കാൻ ശക്തിയില്ലാത്തവരുമുണ്ടു് എന്നുള്ള വസ്തുതയും ഒരു യാഥാർത്ഥ്യമാണു്. ആ യാഥാർത്ഥ്യത്തെ നാം കണക്കിലെടുക്കണം. സ്ഥലത്തിന്റെ ദൗർലഭ്യം കൊണ്ടു്, ഞാൻ കേട്ടതു ശരിയാണെങ്കിൽ മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള അനുവാദം പോലും ചില ക്രിസ്ത്യൻ മതാദ്ധ്യക്ഷന്മാർ കൊടുത്തുകഴിഞ്ഞിട്ടുണ്ടു് എന്നാണു് അറിയുന്നതു്. ഇങ്ങനെ ഒരു നില ഇവിടെ വരുമോ എന്നു് അറിഞ്ഞുകൂടാ. സെൻറിമെൻറലായിട്ടുള്ള അഭിപ്രായങ്ങൾ മാറ്റിവച്ചുകൊണ്ടു മുസ്ലീങ്ങൾക്കാണെങ്കിൽ അവരുടെ പള്ളിയോടനുബന്ധിച്ചു ശവം വയ്ക്കണം. അതിനു നേരെ യുക്തിവാദത്തിനു സ്ഥാനമില്ല. ഒരു വിഭാഗത്തിനു ഗംഗാനദിയിൽ ഇട്ടാൽ മോക്ഷം കിട്ടുമെന്നാണു്, ഒരു വിഭാഗത്തിനു ശവം ഇരുത്തി തറ കെട്ടി വച്ചാൽ മോക്ഷംകിട്ടുമെന്നാണു്. ആ വിശ്വാസത്തിനെ നാം ചോദ്യംചെയ്യേണ്ട കാര്യമില്ല. എന്നാൽ ഇന്നു പ്രധാനമായിട്ടുള്ളപ്രശ്നം ഈ സഹിഷ്ണുതാബോധം സമുദായങ്ങളുടെ ഇടയിൽ ഇല്ലെന്നുള്ളതാണു്. മുസ്ലീമിന്റെ ശവം ഹിന്ദുവിന്റെ അടുത്തു വച്ചുപോയാൽ അതു് അനുവദിക്കുകയില്ല. അപ്പോൾ അതിനനുസരണമായിട്ടുള്ള ഒരു നിയമനിർമ്മാണം ഉണ്ടാക്കാൻ സാധ്യമല്ലെങ്കിൽ പൊതുവായി ആരോഗ്യപരമായ കാര്യങ്ങൾക്കു് ബുദ്ധിമുട്ടുവരാത്ത നിലയിൽ എല്ലാവർക്കും സ്വീകാര്യമായ വ്യവസ്ഥകളും ഉൾക്കൊള്ളുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോപാലൻ]

ഇന്നാവശ്യമായി നിന്നിരിക്കുന്നു. അതല്ലെങ്കിൽ തൊക്കൽ ഉണ്ടായതുപോലെ മറ്റു പല സംഘട്ടങ്ങളും ഉണ്ടാകാൻ ഇടയാകും. അതു ഗവണ്മെൻറു കണക്കിലെടുക്കണം. ഞാൻ ആദ്യം പറഞ്ഞതുപോലെ ഓരോ പഞ്ചായത്തിലും, ഓരോ പൊതു ശ്മശാനം ഉണ്ടായിരിക്കണം എന്നൊരു വ്യവസ്ഥ പഞ്ചായത്തു് ആക്ടിൽ ഉണ്ടായിരിക്കണമെന്നും പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറു് ഇതിനു് മുൻകൈ എടുത്തു് ഏർപ്പാടു ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ഓ. കോരൻ: ഈ പ്രമേയത്തിനു് ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു്.

പ്രമേയത്തിന്റെ 7-ാമത്തെ വരിയിൽ "നിയമനിയന്ത്രണങ്ങളും" എന്നതിനുശേഷം "കഴിയുംവേഗത്തിൽ" എന്നു കൂട്ടിച്ചേർക്കുക.

ആ ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ച പ്രധാനകാരണം, പ്രമേയ കർത്താവിന്റെ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് പ്രസംഗിച്ച ശ്രീ. പി. ഗോപാലൻ പറഞ്ഞിട്ടുള്ളതുപോലെ കഴിയുന്നതും വേഗത്തിൽ സൗകര്യപ്രദമായ രൂപകം നിർമ്മിച്ചു.....

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: എന്താണു് ഈ വളരെ വേഗത്തിൽ എന്നു പറയുന്നതു്. എല്ലാവരും മരിക്കാൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. ഓ. കോരൻ: ഒരു നിയമം വളരെ വേഗത്തിൽ പാസ്സാക്കണമെന്നുള്ള അർത്ഥത്തിലാണു്, അല്ലെങ്കിൽ അതുസംബന്ധിച്ചു വളരെയധികം ഗൗരവതരമായ കാര്യങ്ങളും ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടാകും. അതുകൊണ്ടു് വളരെ വേഗത്തിൽതന്നെ ഈ കാര്യം കൈകാര്യം ചെയ്യണമെന്നുള്ളതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

സർ, നമ്മുടെ നാട്ടിൽ ഈ പ്രശ്നം കൈകാര്യം ചെയ്യുമ്പോഴും ആദ്യമായിട്ടു് ഒരു കാര്യം ഈ സഭയേടേയും, ബഹു: മെമ്പറന്മാരുടേയും ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് ഈ നാട്ടിലെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളമാണു്. ജീവിച്ചിരിക്കുമ്പോഴും ഒരിഞ്ചുഭൂമിപോലും സ്വന്തമായിട്ടില്ലാത്ത ഈ വിഭാഗക്കാർക്കു് മരിച്ചാൽ അവരുടെ ശവം മറവുചെയ്യാൻപോലും കഴിയാത്ത ഒരു സാഹചര്യമാണു് ഇന്നു വന്നിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ജനസാന്ദ്രത അത്രകണ്ടു വർദ്ധിച്ചു. മുമ്പെല്ലാം അവർ താമസിച്ചുകൊണ്ടിരുന്ന സ്ഥലത്തിനടുത്തുതന്നെയാണു് അവർ ശവം മറവുചെയ്തു വന്നിരുന്നതു്. ഇപ്പോഴതിനു് എതിർപ്പുണ്ടായിക്കൊണ്ടിരിക്കുകയാണു്. പാലക്കാടു ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ അവിടത്തെ ഒരു ദേവസ്വംവക സ്ഥലം ഒരു പൊതുശ്മശാനത്തിനു വേണ്ടി കൊടുത്തിരുന്നു. ആ സ്ഥലം മറ്റുള്ള ആളുകളും കയ്യേറുകയും, പ്രമേയകർത്താവു് പറഞ്ഞതുപോലെ അവിടെ വീടുവയ്ക്കുകയും ചെയ്തിരിക്കുകയാണു്. അപ്പോൾ ശ്മശാന സ്ഥലത്തിനു് ഇത്രവാര അകലെ വീടുവച്ചുകഴിഞ്ഞാൽ പിന്നെ അവിടെ ശവം മറവുചെയ്യുവാൻവേണ്ടി കൊണ്ടുവന്നാൽ അതിനെ തടയുകയും, പോലീസു് ഉദ്യോഗസ്ഥന്മാർ അതു് അനുവദിക്കാതെയിരിക്കുകയും, അവിടെ വീടുള്ളതുകൊണ്ടു് ശവം മറവുചെയ്യാൻ പാടില്ലെന്നു തടസ്സപ്പെടുത്തുകയും ചെയ്യും. അങ്ങനെ ഒന്നോ, രണ്ടോ ദിവസം ശവം മറവുചെയ്യാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ടു്. മറ്റു ചില സ്ഥലത്തു് ഇവിടെ ശ്രീ. ഗോപാലൻ പറഞ്ഞതുപോലെ ശവം മറവുചെയ്യാൻ അനുവദിക്കാത്തതുകൊണ്ടു് പുഴയിലേയ്ക്കു് ഒഴുക്കിയ സംഭവവും ഉണ്ടായിട്ടുണ്ടു്. അതിനൊരു പരിഹാരമെന്ന നിലയ്ക്കു് ഇപ്പോൾ പ്രത്യേകിച്ചു സ്ഥലം ഗവണ്മെൻറു് അക്വയർ ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ ഓരോ പഞ്ചായത്തിലും, ഓരോ കാമൺ ബറിയൽ ഗ്രൗണ്ടു് വേണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്. ഒരു പഞ്ചായത്തുതന്നെ മൂന്നോ നാലോ അംശങ്ങളും കൂട്ടിച്ചേർത്തുള്ളതായിരിക്കാം. അവിടെ താമസിക്കുന്ന ആളുകൾക്കെല്ലാംകൂടി പ്രത്യേകം പ്രത്യേകമായി ശ്മശാനങ്ങളും ഉണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നില്ലെന്നുവരാം. അതുകൊണ്ട് പൂവ്വികമായി അവർ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ ശ്മശാന സ്ഥലങ്ങളും അവർക്ക് ഉപയോഗിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനുംപുറമേ ഒരു കാമൺബറിയൽ ഗ്രൗണ്ട് ഉണ്ടാക്കാനുള്ള നിർദ്ദേശം കൂടി നടപ്പിൽ വന്നുത്തിയാൽ മാത്രമേ ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

സർ, നമ്മുടെ നാട്ടിൽ അയിത്തമെല്ലാം നാമാവശേഷമായി എന്നു പറയുന്നുണ്ടെങ്കിലും നമുക്ക് ഒരു കാമൺബറിയിൽ ഗ്രൗണ്ട്, പ്രത്യേകിച്ച് ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം, ഉണ്ടാക്കിയില്ലെങ്കിൽ അതിനുള്ള സ്ഥലം ഓരോ പഞ്ചായത്തിലും ഇല്ലാതിരിക്കുകയാണെങ്കിൽ അത് സാമുദായികമായിട്ടുള്ള ഏറ്റവും വലിയ വിഷമങ്ങൾ ഉണ്ടാക്കുന്നതിന് കാരണമായിത്തീരും. ഇപ്പോൾ അങ്ങനെ ഉണ്ടായിത്തീർന്നിട്ടുണ്ട്. ഇനിയും ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ വക കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സ്റ്റേറ്റിന്റെ പൊതുവിലുള്ള ഒരു ഏകീകൃതനിയമം ഈ പ്രശ്നം പരിഹരിക്കാൻ ഉണ്ടാക്കേണ്ടതാവശ്യമാണ്. സാധുക്കളായ ഹരിജനങ്ങൾ മരിച്ചാൽ അവരുടെ ശവം മറവുചെയ്യുന്നതിനു സൗകര്യം ഉണ്ടാക്കുന്നതിനു വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥിക്കുന്നതോടുകൂടി പൊതുഫണ്ട് ചെലവുചെയ്യുന്നതിൽ 25 ശതമാനം ഹരിജനങ്ങൾക്കു നീക്കിവയ്ക്കണമെന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് ശ്മശാന സ്ഥലങ്ങൾ അകപ്പെടുത്തുന്നതിനുവേണ്ട പണം വകയിരുത്തി ഇതിനൊരു പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കണം. ഈ മാതിരിയുള്ള സഹായങ്ങൾ ചെയ്യാൻ പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹകരണം ഉണ്ടായിരിക്കണമെന്നും അവർ മുന്നോട്ടുവരണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടതന്നെ സംസാരിക്കുന്നു.

പ്രമേയത്തിൽ "മാറ്റം ചെയ്യ" എന്നതിനു പകരം "കൂ അയവുവരുത്തി" എന്നു കൂട്ടിച്ചേർക്കുക.

സന്ധ്യാ സമയത്തു ശ്മശാനങ്ങളുടെ സമീപത്തുകൂടി പോകുന്ന ആളുകൾക്കു ചിലപ്പോഴൊക്കെ അവരുടെ വികാരങ്ങൾ ആകാശത്തോളം മുട്ടുന്നതായി തോന്നാറുണ്ട്. നമ്മുടെ മഹാകവി ജി. പാടിയിട്ടുള്ളതു ഇങ്ങനെയാണ്.

"താരകരത്നഖചിതമാം പട്ടിനാൽ
പാരമലങ്കരിച്ചോരു വിൺപെട്ടിയിൽ
ചേർത്തപകലിൻ ശവമെടുത്തീടുവാൻ
ആർത്തമൊന്നം നാലുദിക്കുകൾ നിൽക്കവെ
തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിക്കവെ—"

അങ്ങനെ—,

പ്രകൃതിയെത്തന്നെ നോക്കിക്കൊണ്ടും, പ്രകൃതിയേയും ശ്മശാനത്തേയും ഒന്നിച്ചുചേർത്തുകൊണ്ടും മരണത്തെ സംബന്ധിച്ച് മനുഷ്യൻ ആലോചിക്കാറുണ്ട്. മനുഷ്യൻ വിചാരിക്കും ഞാനും മരിക്കാനുള്ളവനാണെന്ന്. ശ്മശാനത്തിലെ ഓരോ മൺതരിയും ഈ സത്യം നമ്മോടലറുകയാണ്. അതു പരമാർത്ഥമാണല്ലോ? എന്നാൽ ആ ഒരു വിചാരം അവന്റെ എല്ലാ വിചാരത്തിലും പ്രവൃത്തികളിലും കാണുന്നുമില്ല. മനുഷ്യൻ ജീവിച്ചിരിക്കുമ്പോൾ പറയും, അവനു ഒരു ചാൺ വയർ മതി എന്ന്. അവൻ മരിച്ചാൽ പറയും, ആറടി മണ്ണു മതിയെന്ന്. എന്നാൽ മനുഷ്യൻ ജീവിച്ചിരിക്കുമ്പോഴും, മരിക്കുമ്പോഴും ഈ രണ്ടു കാര്യങ്ങളെപ്പറ്റിയും പ്രശ്നങ്ങൾ വരുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ശ്രീമാൻ ബാലകൃഷ്ണൻനമ്പ്യാർ പാടിയ പാട്ട് ഒന്നുകൂടി പാടിയാൽകൊള്ളാം.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ശ്രീമാൻ പി. ഗോപാലൻ ഇവിടെ സൂചിപ്പിച്ച മാതിരി ഭൂമിയുടെ പരിധി വർദ്ധിപ്പിക്കാൻ സാധിക്കാതെ ഇരിക്കുകയും, ജനസംഖ്യ വർദ്ധിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ നമുക്ക് ഒരു നൂറുകൊല്ലത്തിനപ്പുറം ചിന്തിക്കാൻ സാധിച്ചില്ലെങ്കിലും നമ്മുടെ ഈ ശ്മശാനത്തെ സംബന്ധിച്ചുള്ള ഈ ചിന്താഗതിയിൽ ശാസ്ത്രത്തിന്റെ സഹായം കിട്ടേണ്ടിവരുമെന്നുള്ളതു് തീർച്ചയാണു് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഇന്നു സ്ഥലപരിമിതിയുള്ളതിന്റെ പേരിൽ പലപ്പോഴും വീട്ടുകെട്ടുമ്പോഴും ശ്മശാനത്തിന്റെ കാര്യത്തിൽ പല കോലാഹലങ്ങളും ഉണ്ടാകുന്നുണ്ടു്. ഇതു ഞാൻ പറയുന്നതുകൊണ്ടു് മറുള്ള സ്സ്റ്റേ ചനയല്ലാ ഇതിലുള്ളതു്. നേരെ മറിച്ചു് അതിനെ സംബന്ധിച്ചു ആലോചിക്കുവാനും, ഭാവിയിൽ ഇന്നത്തെ ശ്മശാനസമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം നാം പലവിധത്തിലുള്ളതായ മാറ്റങ്ങളും വരുത്താൻ നിർബന്ധിതരായിത്തീരുന്നതിനുവേണ്ടിയുമാണു്. ഇന്നത്തെ രീതിയിലുള്ള ശ്മശാനം മാറ്റി ശാസ്ത്രസഹായംകൊണ്ടു് ശവം ദഹിപ്പിച്ചുകളയത്തക്കവണ്ണമുള്ള സമ്പ്രദായം വന്നേയ്ക്കാം. ഇതു നാം ആലോചിക്കേണ്ട ഒരു കാര്യമാണു്. അതുകൊണ്ടു് ഈ നിയമത്തിൽ അയവുവരുത്താൻ സാധിക്കുമോ, എത്ര കണ്ടു അയവു വരുത്താൻ സാധിക്കുമെന്നുള്ള അടിസ്ഥാനത്തിലാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. ഈ ശ്മശാനങ്ങളുടെ കാര്യത്തെപ്പറ്റി പറയുമ്പോഴും പൊതു ശ്മശാനങ്ങളുടെ കാര്യംകൂടി കണക്കിലെടുക്കണം. ഹരിജനങ്ങളേയും, ആരുമാരുമില്ലാത്തവരേയും ആരുടെ സ്ഥലത്തുകൊണ്ടുപോയി സംസ്കരിക്കും എന്നുള്ളതെല്ലാം ആലോചിക്കണം. അവക്കെല്ലാംതന്നെ ശവം മറവുചെയ്യാനുള്ള സൗകര്യം, അതായതു് പൊതു ശ്മശാനങ്ങളും ഉണ്ടാക്കാനുള്ള സൗകര്യം, ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഉണ്ടായിരിക്കണം എന്നു ഞാൻ പറയുന്നു.

[Deputy Speaker in the Chair]

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: മാധ്യം, പുതുതായി ഉണ്ടാക്കുന്ന ശ്മശാനങ്ങളെയും, സിമിത്തേരികളേയും, കബറടക്കു സ്ഥലങ്ങളെയും ബാധിക്കത്തക്കവിധം നിയമങ്ങളും ഏകീകരിക്കണമെന്നാണു് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ആളുകളും മരിച്ചാൽ, മതവിധിപ്രകാരം ശവം മറവുചെയ്യേണ്ടതു് ആവശ്യമാണു്. ഇന്നു് അതിനു ചില നിയമങ്ങളും നിലവിലുണ്ടു്. എന്നാൽ പല കാര്യങ്ങൾക്കും സമ്പ്രദായങ്ങൾക്കും മാറ്റങ്ങളും വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ആ നിലയിൽ നമ്മുടെ എല്ലാ ജീവിതതലങ്ങളിലും കാലത്തിനൊത്തു മാറ്റങ്ങളും വരുത്താൻ ശ്രമിച്ചില്ലെങ്കിൽ പലതരത്തിലുള്ള കുഴപ്പങ്ങളും ഉണ്ടാകും. കേരളത്തെ സംബന്ധിച്ചാണെങ്കിൽ നമുക്കു സ്ഥലം വളരെ കുറവാണു്. ഇന്നുള്ളവർക്കു ജീവിക്കാൻ തന്നെ സ്ഥലംഇല്ല. ജീവിക്കാൻ തന്നെ സ്ഥലം ഇല്ലാതിരിക്കുമ്പോഴും, മരിക്കുന്നവർക്കുവേണ്ടി കൂടുതൽ ശ്മശാനങ്ങളും മറ്റും ഉണ്ടാക്കുന്നതു എത്രമാത്രം അർത്ഥശൂന്യമായിരിക്കും. പുതുതായി പാർപ്പിടത്തിനുകൂടി സ്ഥലം ഇല്ലാത്തതുകൊണ്ടു് ആളുകൾ കാടുകയറി ജീവിക്കുന്ന ഒരു പരിതഃസ്ഥിതിയിലാണു് നാം ഇന്നു കഴിയുന്നതു്. ജീവിക്കുന്ന ആളുകൾക്കു കഴിഞ്ഞുകൂടാൻ സ്ഥലം ഇല്ലാതിരിക്കുമ്പോഴും മരിക്കുന്നവർക്കുവേണ്ടി സ്ഥലം കൂടുതൽ നീക്കിവയ്ക്കുന്നതു ശരിയായിരിക്കുമോ എന്നാലോചിക്കണം. ഈ പ്രശ്നം പരിഹരിക്കാൻ നാം പുതിയ ഏതെങ്കിലും രീതി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ശവം സംസ്കരിക്കുന്നതിനും, പൊതുശ്മശാനത്തു ആ കർമ്മം നടത്തുന്നതിനും ഒരേർപ്പാടുണ്ടാകാതെ നിവൃത്തിയില്ല. എല്ലാ മതക്കാർക്കും ചില പ്രത്യേക ആചാരക്രമങ്ങളും, മതാനുഷ്ഠാനങ്ങളും ഉണ്ടെന്നുള്ളതു ശരിയാണു്. എന്നാൽ, പുതുതായി ഉണ്ടാകുന്ന ശ്മശാനങ്ങളുടെ കാര്യത്തിലെങ്കിലും പൊതുശ്മശാനങ്ങളും ഉണ്ടാക്കി, ശാസ്ത്രീയമായ രീതിയിൽ ശവം സംസ്കരിക്കുന്നതിനുള്ള ഒരു സമ്പ്രദായം ഉണ്ടായാൽ നന്നായിരിക്കുമെന്ന അഭിപ്രായമാണെനിക്കുള്ളതു്. പഴയ അന്ധവിശ്വാസങ്ങളും ഒക്കെ മാറ്റിയിട്ടു് പുതിയ രീതിയിൽ ചിന്തിക്കുന്നതിനും, ആചാരങ്ങളും തിരുത്തുന്നതിനും ആളുകളും ഇന്നു സന്നദ്ധരായിട്ടുണ്ടു്. അങ്ങനെ കാലത്തിനനുസരിച്ചു നാം പുരോഗമിക്കുന്നില്ലെങ്കിൽ ഈ കാര്യത്തിൽ ഇന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിഷമം പരിഹരിക്കപ്പെടുകയില്ല. പുതുതായുണ്ടാക്കുന്ന ശ്മശാനങ്ങൾ ഓരോ മതവിഭാഗക്കാർക്കും പ്രത്യേകം തിരിച്ചിടേണ്ട ആവശ്യമില്ല. പൊതുശ്മശാനങ്ങൾ ഉണ്ടാക്കി, ശാസ്ത്രീയമായ രീതിയിൽ ശവസംസ്കാരം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകത്തക്ക രീതിയിലായിരിക്കണം നിയമങ്ങൾ ഏകീകരിക്കേണ്ടതെന്നു ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഹസ്സൻ ഗനി : മാഡം, ശ്രീ. നമ്പ്യാർ പറഞ്ഞതു് അദ്ദേഹത്തിന്റെ വിശ്വാസപ്രകാരമുള്ള അഭിപ്രായമാണു്. മുസ്ലീങ്ങളെയും, ക്രിസ്ത്യാനികളെയും, യഹൂദന്മാരെയും സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസം അങ്ങനെയല്ലെന്നും, മരിച്ചുകഴിഞ്ഞാലും, കുറച്ചൊക്കെ നന്നായിട്ടു്, നല്ല സ്ഥലത്തുതന്നെ ശവം അടക്കണമെന്ന പാവനമായ വിശ്വാസമാണു് അവർക്കുള്ളതെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ വിശ്വാസപ്രമാണം അനുസരിച്ചു് ഒരു പ്രത്യേക ശ്മശാനത്തു് ശവം കുഴിച്ചിടുന്നതിനു സൗകര്യം ലഭിക്കത്തക്കവിധം ഇന്നത്തെ നിയമം ഒരേ രീതിയിൽ ആക്കണമെന്നാണു് പ്രമേയകർത്താവിന്റെ ഉദ്ദേശം. ഇന്നു് മലബാർ പ്രദേശത്തും, തിരു—കൊച്ചി പ്രദേശത്തും വിഭിന്നമായ രീതിയിലാണു് ഇതു സംബന്ധിച്ച നിയമം നിലവിലുള്ളതു്, ആ വ്യത്യാസം മാറ്റി, എല്ലായിടത്തും ഒരുപോലെയുള്ള നിയമം ഉണ്ടാക്കുക എന്നുള്ളതാണു് ആവശ്യം. ഇന്നു് തിരു—കൊച്ചി നിയമത്തിലെ 33—ാം വകുപ്പനുസരിച്ചു്, കുടിക്കാനുള്ള വെള്ളം മലിനമാകാത്ത ദൂരത്തിലായിരിക്കണം ശ്മശാനം എന്നുണ്ടു്. ജനങ്ങളുടെ ആരോഗ്യത്തിനു ഹാനിവരുത്തുന്ന അവസ്ഥ മാറണമെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. അതേ അവസരത്തിൽ, വിഭിന്നമായ മതവിശ്വാസമുള്ളവർക്കു്, ആളുകൾ മരിച്ചാൽ ശവം മറവു ചെയ്യുന്നതിനു് കുറേക്കൂടി സ്ഥലം ആവശ്യമാണെന്നു വന്നാൽ തീർച്ചയായിട്ടും ഗുളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വരും. പൊതുജനാരോഗ്യത്തെ ബാധിക്കാത്ത രീതിയിൽ ഗുളിൽ മാറ്റം വരുത്താനും, ഇന്നത്തെ നിയമങ്ങൾക്കു് ഐകരൂപ്യം വരുത്താനും, ശവസംസ്കാരത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കാനും ഗവണ്മെന്റു് ശ്രമിക്കേണ്ടതാണു്. പട്ടണങ്ങളിൽ സ്ഥലം വളരെ വിരളമായിരിക്കും. അങ്ങനെയുള്ള സ്ഥലങ്ങളിൽ പള്ളിയോടനുബന്ധിച്ചു് ആവശ്യമായ സ്ഥലം ഉണ്ടെങ്കിൽ ശവസംസ്കാരത്തിനു ലൈസൻസു കൊടുക്കുകയും, അനുവാദം നൽകുകയും ചെയ്യേണ്ടതാണു്. ഗ്രാമപ്രദേശങ്ങളിൽ, പന്തളംപോലെയുള്ള സ്ഥലങ്ങളിൽ മുസ്ലീങ്ങൾ വളരെക്കാലമായി ശ്മശാനം ഉണ്ടാക്കി ആളുകളെ സംസ്കരിച്ചു വരുന്നുണ്ടു്. എന്നാൽ ചിലപ്പോൾ തൊട്ടടുത്തു താമസക്കാരായ ചിലർ അതിനെ സ്റ്റേ ചെയ്യിക്കാൻ പരാതിപ്പെടുകയും, ശവസംസ്കാരം സ്റ്റേ ചെയ്യാൻ ഉത്തരവുണ്ടാകുകയും ചെയ്യുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ നിയമങ്ങൾ ഏകീകരിക്കേണ്ടതാവശ്യമാണു്. ഇതു് ഭരണഘടനയുടെയും, എല്ലാ മതവിശ്വാസികളുടെയും താൽപര്യത്തിനുള്ളിൽനിന്നുകൊണ്ടു ചെയ്യാൻ സാധിക്കുന്ന ഒരു കാര്യമാണു്. ഇന്നുള്ള വ്യത്യസ്തമായ നിയമങ്ങൾ മാറ്റി, കേരളത്തിനൊട്ടാകെ ബാധകമാകുന്ന ഒരു നിയമം ഉണ്ടാക്കുകയും, എല്ലാ സമുദായങ്ങളുടെയും വിശ്വാസപ്രമാണങ്ങൾ അനുസരിച്ചു് മതാനുഷ്ഠാനകർമ്മങ്ങൾ നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യണമെന്നു ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞു് : മാഡം, ശ്രീ. മൊയ്തീൻകുട്ടി ഹാജി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണു്. ആ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു സംസാരിച്ച ശ്രീ. ഗോപാലൻ, പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനെപ്പറ്റി സംസാരിച്ചു. പല മതവിഭാഗങ്ങളും ജീവിക്കുന്ന നമ്മുടെ നാട്ടിൽ ഭിന്ന രീതിയിലുള്ള മതാനുഷ്ഠാനങ്ങളാണുള്ളതു്. അവരവരുടെ മതാനുഷ്ഠാനങ്ങൾ, ആചാരക്രമങ്ങൾ അനുസരിച്ചു ജീവിക്കാനുള്ള സൗകര്യം എല്ലാവർക്കും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

ഡപ്യൂട്ടി സ്പീക്കർ : മി. ഗോപാലന്റെ പ്രസംഗത്തിനു് വിശദീകരണമായിട്ടു് പ്രസംഗിക്കുകയാണോ ?

ശ്രീ. പി. കെ. കുഞ്ഞു് : ഞാൻ വേറെ കാര്യം പറയുകയാണു്. പൊതു ശ്മശാനം ചില മതവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം, അവരുടെ പ്രത്യേക മതാനുഷ്ഠാനങ്ങളും നടത്താൻ പറ്റിയതല്ല. ഉദാഹരണത്തിനു് മുസ്ലീം സമുദായവും, ക്രിസ്ത്യൻ സമുദായവും ശവം കുഴിച്ചുമൂടുകയാണു്. മുസ്ലീംസമുദായത്തിനാണെങ്കിൽ പള്ളിയോടു് അടുത്ത സ്ഥലത്തുതന്നെ കുഴിച്ചുമൂടുകയാണു് സൗകര്യം. ഖുറാൻ പാരായണവും മറ്റും നടത്തണമെന്നും നിർബന്ധമുണ്ടു്. പൊതുശ്മശാനമായാൽ അത്തരം പ്രത്യേകാനുഷ്ഠാനങ്ങളും സാധിച്ചെന്നു വരികയില്ല. അതുകൊണ്ടു് അങ്ങനെയുള്ള പൊതു ശ്മശാനങ്ങളും സ്വീകരിക്കാൻ അവരെ സംബന്ധിച്ചിടത്തോളം വിഷമം നേരിടും. പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും, മതകലഹങ്ങളും അതിൽനിന്നുണ്ടാകാവുന്നതാണു്, മതാചാരപ്രകാരമുള്ള നമസ്കാരങ്ങളും നടത്തുക, ഖുറാൻ പാരായണം ചെയ്യുക എന്നിങ്ങനെയുള്ള അനുഷ്ഠാനങ്ങൾക്കു പ്രത്യേകം സ്ഥലം ഉണ്ടായിരിക്കണം. മറ്റു മതക്കാരെ ഉപേക്ഷിച്ചുകൊണ്ടു് ഉണ്ടാക്കുന്ന പൊതു ശ്മശാനങ്ങളും മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം സൗകര്യപ്രദമായിരിക്കുകയില്ല.

എന്റെ സ്നേഹിതൻ ശ്രീ. കുഞ്ഞിരാമൻ നമ്പ്യാർ, ശാസ്ത്രീയരീതിയിൽ ശവസംസ്കാരം നടത്തുന്നതിനു് പുതിയ വിദ്യ കണ്ടുപിടിക്കണമെന്നു പറഞ്ഞു. അതു എങ്ങനെ ഏതു സമ്പ്രദായമാണെന്നുള്ളതു കണ്ടറിയണം. ശാസ്ത്രീയമായ രീതിയെ സംബന്ധിച്ചു അദ്ദേഹം എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ അതിനെപ്പറ്റി പറയാമായിരുന്നു. ശ്രീ. ഹസ്സൽഗനി പറഞ്ഞതുപോലെ പല സ്ഥലത്തും ഇതു സംബന്ധിച്ചു് വിഷമങ്ങളും നേരിടുന്നുണ്ടു്. സൗഹാർദ്ദപൂർവ്വമായ ഒരു സമീപനം ഈ കാര്യത്തിൽ എല്ലാവരും സ്വീകരിച്ചാൽ പ്രയാസമില്ലായിരുന്നു. അഭിപ്രായവ്യത്യാസത്തിന്റെ പേരിലും, മതവിദ്വേഷത്തിന്റെ പേരിലും, ഹർജി അയയ്ക്കുക, ഇത്തരം നടപടികളും സ്റ്റേ ചെയ്യിക്കുക, പള്ളിയുടെ അടുത്തുള്ള താമസക്കാരിൽനിന്നു് പരാതികളും ഉണ്ടാകുക എന്നിങ്ങനെയുള്ള അനുഭവങ്ങളും ഉണ്ടാകുന്നുണ്ടു്. ഈ കാര്യങ്ങളെല്ലാം വേണ്ടതുപോലെ മനസ്സിലാക്കി, മതകലഹങ്ങൾക്കോ, മത വിദ്വേഷങ്ങൾക്കോ ഇടനൽകാതിരിക്കാൻ പറ്റിയ വിധത്തിൽ നിയമങ്ങളും ഏകീകരിക്കുന്നതു ആവശ്യമാണു്. എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കാൻ പൊതുജനാരോഗ്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) : മാഡം, ഇവിടെ നടന്ന പ്രസംഗങ്ങളും ഞാൻ ശ്രദ്ധിച്ചുകേട്ടു. ചില വാദഗതികളും ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൽനിന്നു് കുറെ അകന്നുപോയിട്ടില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. അതുകൊണ്ടു ഈ സഭയുടെ അറിവിനു വേണ്ടി പ്രമേയം ഒന്നുകൂടി വായിക്കുകയാണു്.

'സെമിത്തേരികളും, ശ്മശാനങ്ങളും, കബറടക്കസ്ഥലങ്ങളും ഇവ പുതുതായി ആരംഭിക്കുന്നതിനെ സംബന്ധിച്ചു കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഇന്നു നിലവിലുള്ള നിയമനിയന്ത്രണങ്ങളും മാറ്റം ചെയ്തു കൂടുതൽ സൗകര്യപ്രദമായ രൂപകം നിർമ്മിച്ചു', കേരളവ്യാപകമായി ഒരു ഏകീകരണം വരുത്തുവാൻ ഈ സഭ ഗവണ്മെന്റിനോടപേക്ഷിക്കുന്നു.'

പ്രധാനമായി, പുതുതായി ആരംഭിക്കുന്ന സെമിത്തേരികളെ സംബന്ധിച്ചും, ശ്മശാനങ്ങളെ സംബന്ധിച്ചും, കബറടക്ക സ്ഥലങ്ങളെ സംബന്ധിച്ചുമാണു് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു്. എന്നു വരികിലും രണ്ടുമൂന്നു മെമ്പർന്മാർ നിലവിലുള്ള ചില പ്രയാസങ്ങളും ഇവിടെ വിവരിക്കേയുണ്ടായി. മാഡം, ഈ നിയമത്തിൽ ഒന്നുംതന്നെ, പുരാതനമായി ശ്മശാനമായി ഉപയോഗിച്ചുവരുന്ന സ്ഥലങ്ങൾ നിരോധിക്കുന്നതിനോ, അതിനെ തടസ്സപ്പെടുത്തുന്നതിനോ യാതൊരു വ്യവസ്ഥയുമില്ല. അങ്ങനെ ഉണ്ടായിട്ടുള്ളതായി ഒരു സംഭവവും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒന്നു രണ്ടു ഉദാഹരണങ്ങളും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്ന് ശ്രീ. ഓ. കോരനും, മറെറാന്ന് ശ്രീ. ഹാജിയുമാണ് സൂചിപ്പിച്ചത്. വളരെക്കാലമായി ശ്മശാനമായി ഉപയോഗിക്കുന്ന ഒരു സ്ഥലത്തിനടുത്ത് ആരെങ്കിലും ഒരു കെട്ടിടം പണിയിക്കുകയോ, കിണർ കഴിക്കുകയോ ചെയ്താൽ, ശ്മശാനത്തിൽ ശവം അടക്കുമ്പോഴും, ഇത്ര അടി ദൂരംവരെ ശവം അടക്കാൻ പാടില്ലെന്നുള്ള നിയമം പാലിക്കാതെ ശവം മറവു ചെയ്യുന്നതിനെ തടയാൻ പരാതിപ്പെടുന്നുവെന്നു പറഞ്ഞതു് എവിടെ നടന്നുവെന്നു വ്യക്തമായി പറഞ്ഞിട്ടില്ല. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാൻ ഇടയില്ല. അഥവാ അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഇത്ര തെറാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ ഏതു സ്ഥലവും നിരോധിക്കാൻ സാധിക്കും. സിമിത്തേരിയുടെയോ, ശ്മശാനത്തിന്റെയോ അടുത്തു് ആരെങ്കിലും താമസമാക്കുകയോ. കിണർ കഴിക്കുകയോ ചെയ്താൽ, പൊതുജനാരോഗ്യനിയമം അനുസരിച്ചു് ഇത്ര അടിയകലത്തിനുള്ളിൽ ശവം മറവു ചെയ്യണമെന്നു നിർബന്ധിക്കാൻ ഇടവരും. അതു ശരിയായിരിക്കുകയില്ല, അതു അനുവദിക്കാൻ പാടില്ലാത്തതുമാണു്. പക്ഷേ, അതിൽനിന്നു് അല്പം വ്യത്യസ്തമായിട്ടു് ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. വളരെ വർഷങ്ങളായിട്ടു് ഒരു സ്ഥലം ശ്മശാനമായിട്ടു ഉപയോഗിക്കുകയായിരിക്കും. ഒരേക്കർ സ്ഥലമായിരിക്കും അപ്പോഴും ശ്മശാനത്തിനുപയോഗിക്കുന്നതു്. പരിസരങ്ങളിൽ വീടോ, കിണറോ ഉണ്ടായിരിക്കും. എന്നാൽ അതു് നിശ്ചിത അകലത്തിലായിരിക്കും. അതിനുശേഷം, ശ്മശാനത്തിനുവേണ്ടി സ്ഥലം പോരാതെ വരികയും, അടുത്ത സ്ഥലം ഒരേക്കർകൂടി വാങ്ങി വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്താൽ, മുൻപു് വിഷമം നേരിടാതിരുന്നവർക്കു ശവ സംസ്കാരംകൊണ്ടു് ആരോഗ്യഹാനി ഉണ്ടാകുന്നതായി, വെള്ളം മലിനപ്പെടുന്നതായി പരാതിപ്പെടാൻ അവസരം ഉണ്ടാകും. അങ്ങനെയല്ലാതെ നിലവിലിരിക്കുന്ന സിമിത്തേരികൾക്കു് അടുത്തു ആരെങ്കിലും വീടുകൾ വയ്ക്കുകയോ, കിണർ കഴിപ്പിക്കുകയോ ചെയ്തിട്ടു് പരാതിപ്പെടുമെന്നു വിശ്വസിക്കാൻ ന്യായമില്ല. അങ്ങനെ വല്ല പ്രത്യേകസംഭവവും ഉണ്ടായാൽ ചൂണ്ടിക്കാണിച്ചാൽ പരിഹാരം ഉണ്ടാക്കാവുന്നതാണു്.

പിന്നെ മറെറാരു കാര്യം ശ്രീ. ഗോപാലൻ ചൂണ്ടിക്കാണിച്ചതു് പൊതു ശ്മശാനം ഉണ്ടാക്കുന്ന കാര്യമാണു്. അതു് ഈ പ്രമേയത്തിനകത്തു വരുന്ന കാര്യമല്ല. പഞ്ചായത്തു നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇത്തരം ശ്മശാനങ്ങൾ ഏർപ്പെടുത്തണമോ എന്നും മറുമുള്ള കാര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു ആലോചിക്കേണ്ടതായി വരും. ഓരോ സമുദായക്കാരും അവരുടെ മതവിശ്വാസങ്ങളെ മാനിച്ചുകൊണ്ടു്, സ്വന്തം ശ്മശാനങ്ങൾ ഉപയോഗിക്കുക, അതിനു സൗകര്യമില്ലാത്തപ്രദേശങ്ങളിൽ പൊതുശ്മശാനങ്ങൾ ഉണ്ടാക്കുക ഈ കാര്യങ്ങളെല്ലാം പ്രത്യേകം ആലോചിക്കേണ്ട വിഷയങ്ങളാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം, പുതിയ ശ്മശാനങ്ങൾ സ്ഥാപിക്കുന്ന കാര്യം ഒരു പ്രധാന പ്രശ്നമായി വരും. കേരള വ്യാപകമായി ഒരു പോലെയുള്ള ഒരു നിയമം ഇങ്ങനെയുണ്ടെന്നു പറയുന്നതു ശരിയല്ല. മുനിസിപ്പൽ ഏരിയായെ സംബന്ധിച്ചായാലും, കോർപ്പറേഷനെ സംബന്ധിച്ചായാലും കേരള മുനിസിപ്പൽ ആക്ടിലും കോർപ്പറേഷൻ നിയമങ്ങളുമുണ്ടു്. ആ നിയമപ്രകാരം, പ്രത്യേക നിബന്ധനയുണ്ടു്, പൊതുജനാരോഗ്യത്തിനു് തടസ്സം നേരിടാതെ സിമിത്തേരികൾ സ്ഥാപിക്കുന്നതിനും മറും. പബ്ലിക്ക് ഹെൽത്തു അതാറിട്ടിയും, മുനിസിപ്പൽ കൗൺസിലും ആ നിയമപ്രകാരം കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ടു്. കോഴിക്കോട്ടു സിററി മുനിസിപ്പൽ ആക്ടുണ്ടു്, തിരുവനന്തപുരം കോർപ്പറേഷൻ ആക്ടുണ്ടു്. അതുകൂടാതെ പഞ്ചായത്തു് ആക്ടുണ്ടു്. പഞ്ചായത്തു ആക്ടിലും ഇതു സംബന്ധിച്ചു വ്യവസ്ഥകൾ ഉണ്ടു്. ആ നിയമപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു് ആവശ്യമായ റൂളുകൾ പഞ്ചായത്തു ആക്ടിന്റെ അടിസ്ഥാനത്തിൽ വരുന്നതോടുകൂടി ഇതു സംബന്ധിച്ച പ്രയാസങ്ങൾ ഒഴിവാക്കാൻ സാധിക്കും. പഞ്ചായത്തു നിയമപ്രകാരമുള്ള റൂൾസ് ഡ്രാഫ്റ്റു ചെയ്തു മുഴുവൻ പബ്ലിഷ് ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ബന്ധപ്പെട്ട ആളുകൾ അതിന്മേൽ ആക്ഷേപങ്ങൾ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ടിരുന്നു. വളരെയധികം ആക്ഷേപങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവസാന തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അധികം താമസിയാതെ അതു പബ്ലിഷ് ചെയ്യാൻ സാധിക്കുമെന്നു ഗവണ്മെന്റു പ്രതീക്ഷിക്കുന്നു. അതു കൂടാതെതന്നെ പഞ്ചായത്തു രൂപം പ്രകാരം പ്രവർത്തിക്കുകയാണെങ്കിലും പൊതുവായ തത്വം ഉണ്ടായിരിക്കണം. ഇതിനെ സംബന്ധിച്ച് ടി. സി. പബ്ലിക് ഹെൽത്തു് ആക്റ്റുണ്ട്. ഇതിന്റെ റൂൾസ് ഫ്രെയിം ചെയ്തു കഴിഞ്ഞിട്ടില്ല. മിക്കവാറും ഏതാനും ദിവസങ്ങൾക്കകം പബ്ലിഷ് ചെയ്യാൻ കഴിയും. ഒരു കാര്യം ഞാൻ പറയാം. ഈ പറയുന്ന വികാരങ്ങളും ചിന്താഗതികളും കണക്കിലെടുത്തുകൊണ്ടുതന്നെയാണു് റൂൾസ് ഫ്രെയിം ചെയ്തിരിക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇന്നു ഈ കാര്യത്തിൽ പ്രത്യേക നിയമനിർമ്മാണം വേണ്ടായെന്നും റൂൾസ് ഉണ്ടാക്കി അതു അംഗീകരിച്ചാൽ മതിയെന്നുമാണോ അഭിപ്രായം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ ; അതേ നിയമത്തിനകത്തുതന്നെ അതിനെപ്പറ്റി പറയുന്നുണ്ട്.

What is the basis on which one has to come to a conclusion as to whether it is a nuisance or not.

ഇതാണു് റൂളുകൾ പ്രകാരം നിർണ്ണയിക്കേണ്ടതു്. അതിനു അവസാന രൂപം നൽകിയിട്ടുണ്ട്. അധികം താമസിയാതെതന്നെ അതു പബ്ലിഷ് ചെയ്യാൻ കഴിയും. റൂൾസ് ഉണ്ടാക്കുമ്പോൾ ഈ കാര്യങ്ങൾ പ്രത്യേകിച്ചും ജനസാന്ദ്രത, ഭൂമിയുടെ സ്ഥിതിവിശേഷം, കുടിക്കുന്ന വെള്ളത്തിന്റെ സൗകര്യം ഇതെല്ലാം കണക്കിലെടുക്കുന്നതാണു്. കിണറിന്റെ കാര്യം പറഞ്ഞു. പ്രൊട്ടക്റ്റഡ് വാട്ടർസപ്ലൈ ഉള്ള പ്രദേശമാണെങ്കിൽ ഈ കിണർ വലിയ പ്രശ്നമല്ല. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടു് പരിഗണിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : നാം ഈ പ്രമേയം പാസ്സാക്കി അയച്ചാൽ കേന്ദ്ര ഗവണ്മെന്റിന്റെ പൊതുവിലുള്ള നിയമംവരുമ്പോൾ ഇതിന്റെ സ്വഭാവം എന്തായിരിക്കും.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ അതു വളരെ ശ്രദ്ധ പതിപ്പിക്കേണ്ട കാര്യമല്ല. കാരണം നിലവിലിരിക്കുന്ന നിയമം അനുസരിച്ചു് ഇതിന്റെ ലൈസൻസിംഗ് അതാറിട്ടി എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും കൊടുത്തിരിക്കുകയാണു്. മുനിസിപ്പാലിറ്റി ഏരിയാ കാർപ്പറേഷനും പഞ്ചായത്തു് ഏരിയാ പഞ്ചായത്തിനും വിട്ടുകൊടുത്തിരിക്കുകയാണു്. അധികാരം വിനിയോഗിക്കേണ്ട മാനദണ്ഡം എന്തായിരിക്കണം എന്നുള്ളതിനാണു് പബ്ലിക് ഹെൽത്തു് ആക്റ്റു് അനുസരിച്ചുള്ള റൂൾസ് ഫ്രെയിം ചെയ്യുന്നതു്. അതിനെ സംബന്ധിച്ചിടത്തോളം ഇവിടെ സൂചിപ്പിച്ചതുപോലെ മനുഷ്യരുടെ വികാരങ്ങളും മറ്റും കണക്കിലെടുക്കണം. അതോടൊപ്പം ശാസ്ത്രീയമായ ചില കാര്യങ്ങളും കണക്കിൽ എടുക്കേണ്ടതുണ്ടു്. പബ്ലിക് ഹെൽത്തു് പായിന്റു ഓഫ് വ്യൂ ആയിരിക്കണം പ്രധാന ഘടകം. ആരോഗ്യത്തിനു ദോഷകരമായ സാഹചര്യം ഉണ്ടാകരുതു് എന്നുണ്ടു്. അതിനു സഹായകമായ അഭിപ്രായം ആംബ്രോരിൽനിന്നും ആരാഞ്ഞിട്ടുണ്ടു്. ഉപദേശം വാങ്ങിച്ചിട്ടുണ്ടു്. എല്ലാംകൂടി കണക്കിലെടുത്തുകൊണ്ടു് റൂൾസിനു അവസാന രൂപം കൊടുത്തിരിക്കുകയാണു്. കഴിയുന്നതും വേഗം അതു പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ : പൊതുജനാരോഗ്യത്തിന്റെ കാര്യം ഒഴിച്ചു മറ്റു യാതൊരു പ്രത്യേക പരിഗണനയും കൂടാതെ വിവിധമതക്കാർക്കു കിട്ടുമെന്നാണോ പറയുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു സംശയം എന്താണു ? പ്രധാനമായിട്ടും പൊതുജനാരോഗ്യമാണു മാനദണ്ഡമായി വച്ചിട്ടുള്ളതു. ആ തത്വം ഗവണ്മെന്റു അംഗീകരിച്ചിട്ടുണ്ടു. കഴിയുന്നതും വേഗം അതു പ്രസാദീകരിക്കുവാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു. ആ നിലയ്ക്കു ഈ പ്രമേയം പാസ്സാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു.

Amendment No. 1 moved by Shri O. Koran, was, by leave, withdrawn.

Amendment No. 2 moved by Shri- P. C. Balakrishnan Nambiar was, by leave, withdrawn.

Deputy Speaker : Do you press your Resolution Mr. Moideenkutty Haji ?

Shri Moideenkutty Haji : Madam, in the light of the assurance given by the hon. Minister, I withdraw my Resolution.

Resolution No. 1 moved by Shri. K. Moideenkutty Haji was by leave, withdrawn.

RESOLUTION II

Painting the top of Taxi cabs in suitable attractive colour.

ശ്രീ. കെ. നാരായണക്കുറുപ്പു: സർ, ഞാൻ എന്റെ റസലൂഷൻ അവതരിപ്പിക്കുകയാണു.

"ടാക്സി കാറുകളുടെ മുകൾഭാഗം മഞ്ഞനിറം അടിക്കണമെന്നുള്ള ഇന്നത്തെ നിയമം മാറ്റി കുറെക്കൂടി ആകർഷണീയമായ അടയാളം കൊടുക്കാനുള്ള നിയമം കൊണ്ടുവരണമെന്നു ഈ സഭ അഭിപ്രായപ്പെടുന്നു".

സർ, ഈ രാജ്യത്തെ ഭൂരിപക്ഷം ആളുകൾക്കും ആഗ്രഹമുള്ളതും നല്ലൊരു വിഭാഗം തൊഴിലാളികൾക്കു നിർബന്ധമുള്ളതുമായ ഒരു വസ്തുതയാണു ഈ പ്രമേയത്തിന്റെ ഉള്ളടക്കം. മുന്നു വർഷങ്ങൾക്കുമുമ്പു ഈ രാജ്യത്തു ഉടനീളമുള്ള ടാക്സികാർ ഡ്രൈവേഴ്സും ഉടമകളും ഈ നിയമത്തിന്റെപേരിൽ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയെങ്കിലും അനുകൂലമായ ഒരു തീരുമാനം എടുക്കുവാൻ കഴിഞ്ഞിട്ടില്ല. അന്നു മുതൽ ടാക്സി ഉടമകളും ഡ്രൈവേഴ്സും പൊതുജനങ്ങളും ഇതിനെപ്പറ്റി വളരെയധികം പരാതി ഉന്നയിച്ചിട്ടുണ്ടു. ഇതിനെപ്പറ്റി പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇന്നു ഭൂരിപക്ഷം ആളുകളും സൗകര്യമായി യാത്രചെയ്യാൻ ഉപയോഗിക്കുന്ന ടാക്സികാറിനു എല്ലാവിധത്തിലും ഉള്ള ആകർഷണീയതയും അന്തസ്സും മാറ്റിക്കളയണമെന്നു നിർബന്ധമുള്ളതുപോലെ തോന്നുന്നു. പണക്കാർ സഞ്ചരിക്കുന്ന പ്രൈവറ്റു കാറുകൾക്കു ഏതു നിറവും സ്വീകരിക്കാം, പാവപ്പെട്ടവർ സഞ്ചരിക്കുന്ന ടാക്സിക്കാറുകളിൽ യാതൊരു വിധത്തിലുള്ള കലാസൗന്ദര്യവും ഉണ്ടായിരിക്കരുതെന്നു പറയുന്നതു ശരിയല്ല. നിയമനിർമ്മാണം നടത്തുമ്പോൾ എല്ലാ വശങ്ങളെപ്പറ്റിയും ചിന്തിക്കണം. നിയമനിർമ്മാണത്തിനു ഒരു ഉദ്ദേശമുണ്ടു. ആ ഉദ്ദേശം സാധിക്കണമെന്നു മാത്രമല്ല, ഇങ്ങനെ നിയമനിർമ്മാണം ചെയ്യുന്ന അവസരത്തിൽ പൊതുജനങ്ങളുടെ വികാരങ്ങളെ പ്രണപ്പെടരുതെന്നു എന്നുള്ള ഉദ്ദേശംകൂടി ഉണ്ടായിരിക്കണം. മറ്റു കാറുകളിൽ നിന്നും ടാക്സി കാറുകളെ തിരിച്ചറിയുവാൻവേണ്ടിയാണു ഈ നിയമം വച്ചിരിക്കുന്നതെങ്കിൽ, നിലവിലുള്ള നിയമം മാറ്റി മറ്റു ഏതെങ്കിലും രൂപങ്ങളിൽകൂടി സാധിക്കാൻ കഴിയുകയില്ലേ എന്നു പരിശോധി

LIBRARY ARCHIVES Kerala Legislative Assembly